6
ബുധൻ
പേജ് - 5
ഡിസംബർ
Vol. 2 Issue 304

ക്രിസ്ത്യൻലൈവ് ദിനപത്രം
On the Battlefield for the Great Commission
675

# പാസ്റ്ററുടെ ഭാര്യ വെടിയേറ്റ് മരിച്ചു



4

തരാബ സംസ്ഥാനത്തെ ജലിംഗോയിൽ സേവനമനുഷ്ഠിക്കുന്ന റിഡീംഡ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡ് (ആർസിസിജി) പാസ്റ്റർ കോനി ടിമിലെഹിൻ മോസസിന്റെ ഭാര്യ ഒലുവാക്കേമി മോസസ്, സ്വദേശമായ ഒൻഡോ സംസ്ഥാനത്ത് നിന്ന് 2 മാസം പ്രായമുള്ള കുഞ്ഞുമായി പട്ടണത്തിലേക്ക് മടങ്ങുമ്പോൾ വുകാരിയിൽ വച്ച് അവരുടെ വാഹനത്തിന് നേരെ തീവ്രവാദികൾ വെടിയുതിർക്കുകയായിരുന്നു,

എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 6 ബുധൻ

# ഐക്യമത്യം മഹാബലം

അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം പുറത്ത് വന്നപ്പോൾ സകലരുടെയും പ്രതീക്ഷകൾ തകിടം മറിച്ചുകൊണ്ട് ബി. ജെ. പ്പി മൂന്ന് സംസ്ഥാനങ്ങളിൽ മെച്ചമായ പ്രകടനം കാഴ്ചവച്ചുകൊണ്ട് ഭരണം കൈയ്യാളിയിരിക്കുകയാണ്. എന്നാൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതമായ തോൽവിയാണ് നേരിടേണ്ടി വന്നത്. രാജസ്ഥാനിലും, ഛത്തിസ്ഗട്ടിലും സാമാന്യം ഭേദപ്പെട്ട ഭരണം കാഴ്ച്ച വച്ചെങ്കിലും കനത്ത തോൽവിയാണ് കോൺഗ്രസ്സിനെ കാത്തിരുന്നത്. നയരൂപീകരണത്തിന്റെ അഭാവവും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. നിരവധി സൗജന്യവും, വാഗ്ദാനങ്ങളും പ്രകടന പത്രികയിൽ ഉണ്ടായിരുന്നുതാനും. എന്നിട്ടും കനത്ത തോൽവിയാണ് നേരിട്ടത്. കോൺഗ്രസ്സിന് എവിടെയാണ് പിഴച്ചത്?

അനൈക്യതയും, അധികാര ദുർമോഹവുമാണ് മുമ്പെന്നത്തേയും പോലെ ഇത്തവണയും കോൺഗ്രസ്സിന് വിനയായത്. ദീർഘ വർഷങ്ങളായി അധികാരത്തിൽ ഇരുന്നിട്ടും പുതുതലമുറയ്ക്ക് വേണ്ടി വഴിമാറാൻ തയ്യാറാകാത്ത അശോക് ഗലോട്ടുമാരാണ് പാർട്ടിയുടെ വിജയത്തിന് തുരങ്കം വയ്ക്കുന്നത്. ഏതൊരു തെരഞ്ഞെടുപ്പ് വിജയത്തിനും അടിസ്ഥാനപരമായി വേണ്ടത് ഐക്യമാണ്. ബി ജെ പ്പിയ്ക്ക് ഉണ്ടായിരിക്കുന്നതും, കോൺഗ്രസ്സിന് ഇല്ലാതെ പോയതും അത് തന്നെയാണ്.

ചരിത്രത്തിലുടനീളം പ്രതിധ്വനിക്കുന്ന'ഐക്യമത്യം മഹാബലം' എന്ന പഴഞ്ചൊല്ല് ഇന്നും പ്രസക്തമാണ്. വ്യക്തികൾ ഒന്നിച്ച്, ലക്ഷ്യത്തിലും പ്രവർത്തനത്തിലും ഐക്യപ്പെടുമ്പോൾ, അവർക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുന്നതിനേക്കാൾ മഹത്തായ നേട്ടങ്ങൾ കൈവരിക്കാനാകും എന്നതാണ് സത്യം. വ്യക്തിഗത പ്രയത്നങ്ങൾ വർധിപ്പിക്കാനും, സഹകരണം ഊട്ടിയുറപ്പിക്കാനും, മറികടക്കാനാകാത്ത പ്രതിബന്ധങ്ങളെ തരണം ചെയ്യാനും സഹായിക്കുന്ന ഘടകമാണ് ഐക്യത.

പലപ്പോഴും വ്യക്തിഗത നേട്ടങ്ങൾ ഊന്നിപ്പറയുകയും വ്യക്തിപരമായ വിജയങ്ങൾ ആഘോഷിക്കുകയും ചെയ്യുന്ന ഒരു ലോകത്ത്, ഐക്യത്തിന്റെ പ്രസക്തി അവഗണിക്കാറുണ്ട്. എന്നിരുന്നാലും, വിജയങ്ങളുടെയും കൂട്ടായ പോരാട്ടങ്ങളുടെയും നിമിഷങ്ങളിലാണ് ഐക്യത്തിന്റെ യഥാർത്ഥ സത്ത പ്രകാശിക്കുന്നത്.

ഐക്യത്തിന്റെ ശക്തി ചരിത്രത്തിലുടനീളം എണ്ണമറ്റ വഴികളിലൂടെ പ്രകടമായതാണ്. തങ്ങളുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ അമേരിക്കൻ കോളനിസ്റ്റുകളുടെ ഐക്യമുന്നണി മുതൽ ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം അവസാനിപ്പിച്ച ആഗോള പ്രസ്ഥാനം വരെ, അതിൽപ്പെടും.

കായിക മേളകളിൽ, ടീമുകൾ ഒത്തുചേരുമ്പോഴാണ്, വിജയം കൈവരിക്കുന്നത്. ഐക്യം കൈവരിക്കാൻ വിട്ടുവീഴ്ച്ച അനിവാര്യമാണ്. വ്യക്തിഗത വ്യത്യാസങ്ങൾ പൊതു നന്മയ്ക്കായി മാറ്റിവയ്ക്കാൻ തയ്യാറാകണം. ഗ്രൂപ്പിന്റെ കൂട്ടായ ശക്തിയിൽ വിശ്വസിക്കുകയും തുറന്ന ആശയവിനിമയത്തിനും, പരസ്പര ബഹുമാനത്തിനും മുൻതൂക്കം കൊടുക്കാൻ ഓരോ വ്യക്തിയും തയ്യാറാകണം.



ബൈബിൾ പറയുന്നത്, 'ഒരു രാജ്യം തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും; ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല' (മത്തായി 12:25,26) അതെ ഐക്യതയ്ക്ക് മാത്രമേ ശരിയായ വിജയം നേടിത്തരാൻ സാധിക്കുകയുള്ളൂ.

സജി വർഗ്ഗീസ്, മണിയാർ

# ആക്രമണം ശക്തമാക്കി ഇസ്രായേൽ സൈന്യം

ഗസ്സ : തെക്കൻ ഗസ്സയിലും മധ്യ ഗസ്സയിലും ആക്രമണം കടുപ്പിച്ച് ഇസ്രായേൽ സൈന്യം. യുദ്ധത്തിലെ ഏറ്റവും ശക്തമായ പോരാട്ടങ്ങളിലൂടെയാണ് ഗസ്സ ഇപ്പോൾ കടന്നുപോകുന്നത്. ഫലസ്തീനികൾക്ക് അഭയം നൽകുന്ന വീടുകളും അഭയാർത്ഥി ക്യാമ്പുകളും സൈന്യം ബോംബാക്രമണം നടത്തി തകർക്കുകയാണ്. ആയിരക്കണക്കിന് ആളുകളെ ഒഴിപ്പിക്കാൻ സുരക്ഷിതമായ ഒരിടംപോലുമില്ലാത്ത അവസ്ഥയാണിപ്പോൾ ഗസ്സയിൽ. ഇന്ന് പുലർച്ചെ മുതൽ ഗസ്സയുടെ തെക്കൻ പ്രദേശമായ ഖാൻ യൂനിസിൽ ഇസ്രായേൽ ടാങ്കുകൾ കനത്ത വ്യോമാക്രമണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തെക്കൻ ഗസ്സയിലെ റഫയിൽ നിന്ന് നൂറുകണക്കിന് ആളുകൾ പ്രദേശം വിട്ടുപോകാൻ നിർബന്ധിതരാക്കിയിരിക്കുകയാണ്. ഹമാസിന്റെ ശക്തികേന്ദ്രമായ ഖാൻ യൂനിസിൽ ഹമാസിന്റെ കൂടുതൽ നേതാക്കൾ നിലയുറച്ചതിനാൽ ഇവിടങ്ങളിൽ ആക്രമണം ശക്തമാക്കാനാണ് ഇസ്റാഈൽ നീക്കം.

## വചനം ദൈവമാണ്

ശാസ്ത്രത്തിന് എത്തിപ്പെടാൻ പറ്റാത്ത ഒരേ ഒരു മേഖല മരിച്ച ഒരാൾക്ക് ജീവൻ തിരിച്ചു കൊടുക്കാൻ പറ്റാത്തതാണ്. എന്നാൽ മരണത്തെയും ജയിച്ചു, വചനം ജഡമായ് തീർന്ന ക്രിസ്തു, എനിക്കും സ്വർഗത്തിൽ ഒരു മരണമില്ലാത്ത നിത്യ ഭവനം ഒരുക്കുന്നു. ആകയാൽ എങ്ങനെ ഈ വചനത്തിൽ നിന്ന് തെറ്റി ഒഴിയാൻ കഴിയും? ഒരിക്കലും ഇല്ല. അതുകൊണ്ട് ഞാനും എന്റെ ഹൃദയത്തിന്റെ നടുക്ക് ബൈബിൾ സൂക്ഷിക്കുന്നു.



ലിജോ ജോസഫ്
അസംബ്ളിസ്
ഓഫ് ഗോഡ് ഫുജൈറ

ക്രിസ്ത്യൻ ലൈവ് യുഎഇ
എഴുത്തു മത്സരം
വിഷയം:
എന്തുകൊണ്ട്
ബൈബിൾ എന്നെ
ആകർഷിക്കുന്നു?

GOD'S OWN MINISTRY
GERSHOM
AL QTR TOURISM
Quality Tourism Resources

## ഡോക്ടറേറ്റ് നേടി



എറണാകുളം: മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് നേടി മെൽട്ടൻ സേവ്യർ. എറണാകുളം സെന്റർ പിവൈപിഎ പ്രസിഡന്റാണ് മെൽട്ടൻ. തൃപ്പൂണിത്തുറ കൃപാഭവനിൽ പാസ്റ്റർ റ്റി. സേവ്യറിന്റെയും പരേതയായ ലില്ലി സേവ്യറിന്റെയും മകനാണ്. ഭാര്യ: ഡോ. റോസ്സിലിൻ മെൽട്ടൻ (MOSC മെഡിക്കൽ കോളേജ്, കോലഞ്ചേരി).

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
| --- | --- |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

# റ്റി.പി.എം ചെങ്ങന്നൂർ കൺവെൻഷൻ നാളെ ആരംഭിക്കും

ചെങ്ങന്നൂർ: ദി പെന്തെക്കോസ്ത് മിഷൻ തിരുവല്ല സെന്ററിന്റെ പ്രാദേശിക സഭയായ ചെങ്ങന്നൂർ റ്റി.പി.എം വാർഷിക കൺവൻഷനും രോഗശാന്തി ശുശ്രൂഷയും ഡിസംബർ 7 മുതൽ 10 വരെ പുത്തൻവീട്ടിൽപടി പഴവന ഗ്രൗണ്ടിൽ നടക്കും. സഭയുടെ പ്രധാന ശുശ്രൂഷകർ പ്രസംഗിക്കും. മിഷൻ പ്രവർത്തകർ കൺവെൻഷൻ ഗാനങ്ങൾ ആലപിക്കും.

ദിവസവും രാവിലെ 7 ന് ബൈബിൾ ക്ലാസ്, 9.30 ന് പൊതുയോഗം , മൂന്നിനും രാത്രി 10 നും കാത്തിരിപ്പ് യോഗം, വൈകിട്ട് 5.45 മുതൽ ഗാനശുശ്രൂഷ, സുവിശേഷ പ്രസംഗം, രോഗശാന്തി പ്രാർഥന എന്നിവ നടക്കും. സഭയുടെ പ്രധാന ശുശ്രൂഷകർ പ്രസംഗിക്കും. ശനിയാഴ്ച രാവിലെ 9 ന് തിരുവല്ല സെന്റർ മാസയോഗവും സമാപന ദിവസമായ ഞായറാഴ്ച്ച രാവിലെ 9 ന് തിരുവല്ല സെന്ററിന്റെ കീഴിലുള്ള വെൺമണി, ബുധനൂർ, കോടുകുളഞ്ഞി, പരുമല ,നിരണം, പാണ്ടനാട്, ഓതറ, കുമ്പനാട് എന്നീ സഭകളിലെ ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത സഭായോഗവും നടക്കും. ഫോൺ 92073 45230

## കല്ലുമല ദൈവസഭ ജനറൽ കൺവൻഷൻ

മാവേലിക്കര: ദി ചർച്ച് ഓഫ് ഗോഡ് കല്ലുമല ദൈവസഭയുടെ ജനറൽ കൺവെൻഷൻ 2023 ഡിസംബർ മാസം 27 മുതൽ 31 വരെ കല്ലുമല ഐ.ഇ.എം ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. രാത്രി യോഗങ്ങൾ വൈകുന്നേരം 5:30 മുതൽ 9:00 വരെയും സംയുക്ത ആരാധന ഞായറാഴ്ച്ച രാവിലെ 8:30 മുതൽ നടക്കും. പ്രസ്തുത യോഗങ്ങളിൽ പാസ്റ്റർമാരായ അനീഷ് തോമസ്, ഷാജി എം. പോൾ, കെ. ജെ മാത്യു, ഡോ. ഐസക് വി. മാത്യു എന്നിവർ സന്ദേശം നൽകും. കൂടാതെ ബൈബിൾ ക്ലാസ്സുകൾ, യൂത്ത് മീറ്റിംഗ്, ചൈൽഡ് ഇവാഞ്ചലിസം മീറ്റിംഗ്, സഹോദരിമാരുടെ മീറ്റിംഗ്, എന്നിവയും അന്നേ ദിവസങ്ങളിൽ നടത്തപ്പെടും.

## കേരളത്തിൽ കൊവിഡ് കേസുകളിൽ വർധന

തിരുവനന്തപുരം :കേരളത്തിൽ കൊവിഡ് കേസുകളിൽ വർധന. നാലാം തീയതി മാത്രം കേരളത്തിൽ കൊവിഡ് സ്ഥിരീകരിച്ചത് 104 പേർക്കാണ്. സംസ്ഥാനത്തെ ആക്ടീവ് കൊവിഡ് കേസുകളുടെ എണ്ണം 430 ആയി. ഇന്ത്യയിൽ മൊത്തം 587 ആക്ടീവ് കേസുകളാണ് നിലവിൽ ഉള്ളത്. കൊവിഡ് ബാധിച്ച് ഒരു മരണവും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രായമായവരിലും മറ്റ് അസുഖങ്ങളുള്ളവരിലുമാണ് ഒരു ഇടവേളക്കുശേഷം കൊവിഡ് കേസുകൾ കൂടുതലായി ഉണ്ടാവുന്നത്. ആർടിപിസിആർ പരിശോധനകളുടെ എണ്ണം കൂട്ടിയിട്ടുണ്ട്.

## നൂറിലധികം വെബ്സൈറ്റുകൾ നിരോധിച്ച് കേന്ദ്ര സർക്കാർ

ന്യൂഡൽഹി: നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന നൂറിലധികം വെബ്സൈറ്റുകളെ നിരോധിച്ച് കേന്ദ്ര സർക്കാർ. കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയമാണ് നിരോധനം ഏർപ്പെടുത്തിയ വിവരം അറിയിച്ചത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശയെ തുടർന്നാണ് നടപടി. ജോലി തട്ടിപ്പും നിയമവിരുദ്ധ നിക്ഷേപവും നടത്തിയ വെബ്സൈറ്റുകളാണ് നിരോധനം ഏർപ്പെടുത്തിയവയിൽ ഉൾപ്പെടുന്നത്. ഇവയിൽ അധികവും ചൈനീസ് നിയന്ത്രിത വെബ്സൈറ്റുകൾ ആണെന്നാണ് റിപ്പോർട്ടുകൾ. ഉപഭോക്താക്കളുടെ സാമ്പത്തിക വ്യക്തിഗത വിവരങ്ങൾ ചോർത്തുക, നിക്ഷേപ തട്ടിപ്പ്, പാർട്ട് ടൈം ജോലി തട്ടിപ്പ് തുടങ്ങി നിരവധി ബാങ്ക് അക്കൗണ്ടുകളുമായി ഇത്തരം വെബ്സൈറ്റുകൾ ബന്ധപ്പെട്ടതായും പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

## നിത്യതയിൽ

എ റ്റി എബ്രഹാം, റായിപുർ



കോട്ടയം വാഴൂർഐ പി സി ഹെബ്റോൻ സഭാഗം വാളിപ്ലാക്കൾ വി എം ജോർജ് (81)നിത്യതയിൽ ചേർക്കപ്പെട്ടു.ഭാര്യ : കുഞ്ഞമ്മ മാടപ്പള്ളി കുടുംബാംഗമാണ്.മക്കൾ :മറിയാമ്മ വി ജോർജ്, സ്വപ്ന, റെനി. മരുമക്കൾ :റോബിൻ (പാമ്പാടി ), സുനിൽ (വാഴൂർ )ജിനി (റാന്നി ) സംസ്കാരം 07.12.2023(നാളെ )ഭൗതിക ശരീരം രാവിലെ 7.30ക്ക് ഭവനത്തിൽ കൊണ്ടു വരികയും വാഴൂർ ഐ പി സി ഹെബ്റോൻ ചർച്ചിലേക്കു മാറ്റുകയും ശിശ്രുഷകൾക്കുശേഷം ഉദയപുരത്തുള്ള സെമിതേരിയിലെ കുടുംബ കല്ലറയിൽ നടക്കും



നെല്ലിമല : കല്ലുഴത്തിൽ പരേതനായ ജോൺ മാത്യുവിന്റെ ഭാര്യ അന്നമ്മ പി.ജെ (റോസമ്മ 69) (റിട്ട. പ്രധാന അധ്യാപിക എൻ.എം .എൽ.പി.എസ് ഉതിമൂട്) നിര്യാതയായി. സംസ്കാരം ഡിസം. 7ന് രാവിലെ 8 മണിക്ക് ഭവനത്തിൽ ആരംഭിക്കുന്ന ശുശ്രൂഷകൾക്ക് ശേഷം 12.30ന് ഐ.പി.സി എബനേസർ തട്ടക്കാട് സഭയുടെ സെമിത്തേരിയിൽ.പരേത ചേത്തക്കൽ പള്ളിക്കൽ കുടുംബാംഗമാണ്.മക്കൾ: ജെറി ജെ. മാത്യു, ജെമി ജെ മാത്യു.മരുമകൾ: ഡിജിൻ പി. ജോസഫ് (തിരുവല്ല)

## പാർലമെന്റ് ആക്രമിക്കുമെന്ന് ഖലിസ്താൻ നേതാവ്; ഡൽഹി പൊലീസ് അതീവ ജാഗ്രതയിൽ




ന്യൂഡൽഹി : പാർലമെന്റിന് നേർക്ക് ആക്രമണം നടത്തുമെന്ന ഭീഷണിയുമായി ഖലിസ്താൻ വിഘടനവാദി നേതാവ് ഗുർപത്വന്ദ് സിങ് പന്നൂൻ. വീഡിയോ സന്ദേശത്തിലൂടെയാണ് ഭീഷണി. ഈ മാസം13ന് മുമ്പ് ആക്രമിക്കുമെന്നാണ് ഭീഷണി. ഇതോടെ സുരക്ഷാ ഏജൻസികൾ അതീവജാഗ്രത പാലിക്കുകയാണെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തു. 2001ൽ ഭീകരവാദികൾ നടത്തിയ പാർലമെന്റ് ആക്രമണത്തിന് 22 വർഷം തികയുന്ന ദിവസമാണ് ഡിസംബർ 13.

പാർലമെന്റ് ആക്രമണക്കേസിലെ പ്രതി അഫ്സൽ ഗുരുവിന്റെ പോസ്റ്റർ പ്രദർശിപ്പിച്ചുകൊണ്ടാണ് പന്നൂൻ ഭീഷണി സന്ദേശം പുറത്തുവിട്ടിട്ടുള്ളത്. ഡൽഹി ഖലിസ്താന്റെ നിയന്ത്രണത്തിലാകുമെന്നും ഭീഷണി സന്ദേശത്തിൽ പറയുന്നു. ഇന്ത്യൻ ഏജൻസികൾ തന്നെ വധിക്കാൻ ശ്രമിച്ചുവെങ്കിലും താൻ രക്ഷപ്പെട്ടുവെന്നും വിഘടനവാദി നേതാവ് പറയുന്നുണ്ട്. ഇതിന് പ്രതികാരമായി പാർലമെന്റ് ആക്രമിക്കുമെന്നാണ് ഭീഷണി. പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം ആരംഭിക്കാനിരിക്കെയാണ് ഭീഷണി സന്ദേശം പുറത്തുവന്നത്. എയർഇന്ത്യ വിമാനങ്ങൾ ആക്രമിക്കുമെന്നും പന്നൂൻ നേരത്തെ ഭീഷണി മുഴക്കിയിരുന്നു. ഇതേത്തുടർന്ന് എയർഇന്ത്യ വിമാനങ്ങളുടെ സുരക്ഷ വർധിപ്പിച്ചിരുന്നു.

## തടങ്കലിലാക്കപ്പെട്ട മെത്രാനു വേണ്ടി വാദിച്ച് യുഎൻ

മനാഗ്വേ: നിക്കരാഗ്വേയിൽ തടവിലാക്കിയിരിക്കുന്ന മെത്രാൻ റോളാണ്ടോ അൽവാരെസിന് എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്ന അവകാശവാദവുമായ ലാറ്റിൻ അമേരിക്കൻ രാജ്യമായ നിക്കരാഗ്വേ. ബിഷപ്പ് അൽവാരെസ് അന്യായമായി തടവിൽ കഴിയുന്നതിൽ ഈ മാസം ആദ്യം ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ പ്രവർത്തകർ ആശങ്ക പങ്കുവെച്ചിരുന്നു. ഇതിന് പിന്നാലെയാണ് നിക്കരാഗ്വേ പ്രതികരണം നടത്തിയിരിക്കുന്നത്. 26 വർഷത്തെ ശിക്ഷയാണ് അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നത്. പ്രചാരണങ്ങൾക്ക് വിപരീതമായി കുടുംബങ്ങളെ കാണാനും, വസ്തുക്കൾ സ്വീകരിക്കാനും നിയമത്തിന് വിധേയമായി അവസരം നൽകുന്നുണ്ടെന്ന് ആഭ്യന്തര മന്ത്രാലയം പ്രസ്താവിച്ചു.

ക്രിസ്ത്യൻലൈവ് ദിനപത്രം

### കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### സെനഗൽ

തലസ്ഥാനം: ഡാക്കാർ
ജനസംഖ്യ: 16.88 മില്യൺ
പ്രസിഡണ്ട്: മാക്കിസാാൾ
മതം : ഇസ്ലാം




**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- സെനഗൽ രാജ്യം മതസ്വാതന്ത്ര്യം അനുവദിക്കുന്ന രാജ്യമാണ്.സത്യ ദൈവത്തെ അറിയുവാൻ ആ രാജ്യം മുഴുവനും ഇടയാകട്ടെ.
- ക്രിസ്തീയ വിശ്വാസികൾ രാജ്യത്ത് ധൈര്യത്തോടെ ജീവിക്കാൻ പ്രാർത്ഥിക്കുക. ദീർഘകാല ക്രിസ്തീയ സാന്നിധ്യത്തിനും വ്യാപനത്തിനും ശേഷവും അനേകർ കാത്തിരിക്കുന്ന ആത്മീയ മുന്നേറ്റത്തിനായി പ്രാർത്ഥിക്കുക!

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

സിസ്റ്റർ റ്റിജി കോശി (പ്രയർ കോർഡിനറ്റർ, ക്രിസ്ത്യൻ ലൈവ്):+966 58 177 6032

Contact us: +91 98465 52220, +91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

# ഉപവാസ പ്രാർത്ഥനയും സംയുക്ത ആരാധനയും

ഷാർജ: അസംബ്ലീസ് ഓഫ് ഗോഡ് യുഎഇ റീജിയന്റെ നേതൃത്വത്തിൽ ഡിസംബർ 8 വെള്ളി മുതൽ 10 ഞായർ വരെ ഉപവാസ പ്രാർത്ഥനയും സംയുക്ത ആരാധനയും നടക്കും. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ 1 വരെയും, വൈകിട്ട് 8 മുതൽ 10 വരെയും യൂണിയൻ ചർച്ച് ഷാർജ ഹാൾ നമ്പർ 9ൽ ഉപവാസ പ്രാർത്ഥനയും, ഞായറാഴ്ച രാവിലെ 11.15 മുതൽ 2.15 വരെ യൂണിയൻ ചർച്ച് ഷാർജ മെയിൻ ഹാൾ 11ൽ സംയുക്ത ആരാധനയും നടക്കും.

റവ. വി. ടി എബ്രഹാം, ഡോ. കെ മുരളീധരൻ തുടങ്ങിയവർ പ്രസംഗിക്കും. റീജിയൻ ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ റെജി സാം പ്രസിഡന്റ്, ടോം എം വർഗീസ് (സെക്രട്ടറി), ജോൺ ജോർജ് ട്രഷറർ തുടങ്ങിയവർ ഈ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകും.

# വീണ്ടും വൈദികനെ തട്ടിക്കൊണ്ടുപോയി



അബൂജ: നൈജീരിയയിൽ ഇമോ സ്റ്റേറ്റിലെ ഐെസിയാല എംബാനോ പ്രാദേശിക ഏരിയയിലെ ഒസുവേർ ഓട്ടോണമസ് കമ്മ്യൂണിറ്റിയിലെ സെന്റ് മൈക്കൽ ചർച്ച് ഓഫ് ഉമുകെബിയിലെ ഇടവക വികാരിയായ ഫാ. കിംഗ്സ്ലി ഈസെയെയാണ് സായുധധാരികൾ തട്ടിക്കൊണ്ടുപോയത്. വൈദികനെ തോക്കുധാരികൾ ടൌണിൽ കാറിൽ നിന്ന് ഇറങ്ങിയപ്പോൾ ആക്രമിക്കുകയായിരിന്നു.

കൊള്ളക്കാർ ആദ്യം വഴിയോരക്കച്ചവടക്കാരെ കൊള്ളയടിച്ചുവെന്നും പിന്നീട് വഴിയാത്രക്കാരനെ പരിക്കേൽപ്പിച്ചതിന് ശേഷമാണ് വൈദികനെ തട്ടിക്കൊണ്ടുപോയതെന്നും ദൃക്സാക്ഷികൾ പറഞ്ഞു. ഫാ. കിംഗ്സ്ലി, ഒരു വിശ്വാസിയെ സന്ദർശിക്കാൻ പോയപ്പോഴാണ് ആക്രമിച്ചതെന്ന് ഓക്കിഗ്വേ രൂപത വ്യക്തമാക്കി. 2017 മുതൽ സെന്റ് മൈക്കിൾ ഇടവകയിലെ ഇടവക വികാരിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചുവരികയായിരിന്നു.

## സംവാദത്തിൽ പരാജയപ്പെട്ട മുസ്ലീങ്ങൾ രണ്ടു സുവിശേഷകരെ അക്രമിച്ചു

കമ്പാല: കിഴക്കൻ ഉഗാണ്ടയിൽ ക്രിസ്ത്യൻമുസ്ളീം പരസ്യ സംവാദത്തിനിടെ കോപാകുലരായ മതമൌലികവാദികൾ രണ്ടു സുവിശേഷകരെ തല്ലിച്ചതച്ചു. കലിറോ ജില്ലയിൽ നവൈകോകിയിലെ മൂസ കിറോങ്ങുസ (32), സ്വിദികി ബയീൻസ (27) എന്നിവരെയാണ് ക്രൂരമായ ആക്രമണത്തിനിരയാക്കിയത്. ബുലുംബ നഗരത്തിൽ ഒരു ക്രിസ്ത്യൻമുസ്ളീം സംവാദം നടന്നു. ഇതിൽ ഈ സുവിശേഷകരും മറുവശത്ത് മുസ്ളീം പണ്ഡിതരും അണിനിരന്നു. ഇരുപക്ഷത്തും നിരവധി ആളുകൾ സന്നിഹിതരായിരുന്നു.

മുസയും, സ്വിദിക്കിയും ബൈബിൾ അടിസ്ഥാനമാക്കി തെളിവുകളോടെ സംസാരിച്ചു. രക്ഷകനും ദൈവവുമായി യേശുക്രിസ്തു മാത്രമാണ് സത്യമെന്ന് വാദിച്ചു. എന്നാൽ മുഹമ്മദിനെ തരംതാഴ്ത്തി സംസാരിച്ചു എന്നാരോപിച്ച് ഒരു കൂട്ടം മുസ്ളീങ്ങൾ പെട്ടന്നു പ്രകോപിതരായി. തങ്ങളുടെ ഭാഗത്തുനിന്നും തോൽവി സമ്മതികണ്ടതായി വന്ന അവർ സുവിശേഷകരെ ആക്രമിക്കാൻ ഒരുങ്ങി. ഉടൻ തന്നെ സംവാദം നിർത്തൽ ചെയ്തു. അക്രമാസക്തരായവരിൽനിന്നും രക്ഷപെട്ട ഇരുവരും അടുത്തുള്ള ഒരു ക്രിസ്ത്യാനിയുടെ വീട്ടിൽ അഭയം തേടി. ഇരുവരെയും തേടി മുസ്ളീങ്ങൾ നഗരത്തിൽ പരിശോധന നടത്തി. പിന്നീട് സുവിശേഷകർ ഇവിടെ തങ്ങൾ സുരക്ഷിതരല്ലെന്നു മനസ്സിലാക്കി തങ്ങളുടെ മോട്ടോർ സൈക്കിളിൽ രക്ഷപെടാൻ ശ്രമിച്ചു. ഇതു ശ്രദ്ധയിൽപ്പെട്ട അക്രമികൾ വാഹനം തടഞ്ഞ് രണ്ടുപേരെയും വടികളും മറ്റുമായി ക്രൂരമായി തല്ലിച്ചതച്ചു.

# നൈജീരിയയിലെ തരാബ സ്റ്റേറ്റിൽ പാസ്റ്ററുടെ ഭാര്യ വെടിയേറ്റ് മരിച്ചു



അബുജ : തെക്കുപടിഞ്ഞാറൻ നൈജീരിയയിൽ തരാബ സ്റ്റേറ്റിൽ പാസ്റ്ററുടെ ഭാര്യ വെടിയേറ്റ് മരിച്ചു. തരാബ സംസ്ഥാനത്തെ ജലിംഗോയിൽ സേവനമനുഷ്ഠിക്കുന്ന റിഡീംഡ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡ് (ആർസിസിജി) പാസ്റ്റർ കോനി ടിമിലെഹിൻ മോസസിന്റെ ഭാര്യ ഒലുവാക്കേമി മോസസ്, സ്വദേശമായ ഒൻഡോ സംസ്ഥാനത്ത് നിന്ന് 2 മാസം പ്രായമുള്ള കുഞ്ഞുമായി പട്ടണത്തിലേക്ക് മടങ്ങുമ്പോൾ വുകാരിയിൽ വച്ച് അവരുടെ വാഹനത്തിന് നേരെ തീവ്രവാദികൾ വെടിയുതിർക്കുകയായിരുന്നു, ശവസംസ്കാര ശുശ്രൂഷയിൽ പാസ്റ്റർ മോസസ് പറഞ്ഞു ' ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും പിശാച് പരാജയപ്പെട്ടു, തുടർന്നും താൻ കർത്താവിനെ പിന്തുടരുമെന്നും പറഞ്ഞു

തരാബ, ബെന്യൂ സംസ്ഥാനങ്ങളുടെ കവലയിൽ വുകാരിജൂതർ ഫെഡറൽ ഹൈവേയിലൂടെയുള്ള ആക്രമണങ്ങൾ നിരന്തരമായി നടക്കുന്നുണ്ടെന്ന് തരാബ നിവാസിയായ ഇമ്മാനുവൽ യാകുബു പറഞ്ഞു. ഈ റൂട്ടിൽ സൈനിക, പോലീസ് ചെക്ക്പോസ്റ്റുകളുടെ കനത്ത സാന്നിധ്യം ഉണ്ടായിരുന്നിട്ടും, ഇതുപോലുള്ള സംഭവങ്ങൾ തുടരുകയാണ്, നിരവധി പേർക്ക് സമാനമായ സാഹചര്യങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്.

ഓപ്പൺ ഡോർസിന്റെ 2023 വേൾഡ് വാച്ച് ലിസ്റ്റ് റിപ്പോർട്ട് അനുസരിച്ച്, വിശ്വാസാധിഷ്ഠിത കാരണങ്ങളാൽ മുൻവർഷത്തെപ്പോലെ, നൈജീരിയയിൽ ഏറ്റവും കൂടുതൽ പള്ളി ആക്രമണങ്ങളും ആഭ്യന്തരമായി കുടിയിറക്കപ്പെട്ടവരും നിരവധിയാണ് . ഫുലാനി, ബോക്കോ ഹറാം, ഇസ്ലാമിക് സ്റ്റേറ്റ് വെസ്റ്റ് ആഫ്രിക്ക പ്രവിശ്യ എന്നിവിടങ്ങളിൽ നിന്നുള്ള തീവ്രവാദികൾ ക്രിസ്ത്യൻ കമ്മ്യൂണിറ്റികളിൽ റെയ്ഡുകൾ നടത്തുന്നു, ഈ വർഷവും ഈ അക്രമം രാജ്യത്തിന്റെ തെക്ക് ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശങ്ങളിലേക്കും വ്യാപിക്കുകയാണ്. നൈജീരിയൻ സർക്കാർ ഇത് മതപരമായ പീഡനമാണെന്ന് പറഞ്ഞു നിഷേധിക്കുകയാണ്, അതിനാൽ ക്രിസ്ത്യാനികളുടെ അവകാശങ്ങളുടെ ലംഘനങ്ങൾ ശിക്ഷയില്ലാതെ നടക്കുന്നു.

# പരസ്യമായി തന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ച് 'കിംഗ് ഓഫ് റെഗ്ഗെറ്റൺ'



പ്യൂർട്ടോ റിക്കോ : പ്രൊഫഷണലായി ഡാഡി യാങ്കി എന്നറിയപ്പെടുന്ന റാമോൺ ലൂയിസ് അയാല റോഡ്രിഗസ് ഒരു പ്യൂർട്ടോ റിക്കൻ റാപ്പറും, ഗായകനും, ഗാനരചയിതാവും നടനുമായ, 'കിംഗ് ഓഫ് റെഗ്ഗെറ്റൺ' എന്ന് വിളിക്കപ്പെടുന്ന 46 കാരരൻ, സംഗീതത്തിൽ നിന്നും വിരമിക്കുന്നതായും തുടർന്നുള്ള തന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചും കൊണ്ട് ഡിസംബർ 3 ന് കൊളീസിയോ ഡി പ്യൂർട്ടോ റിക്കോയിൽ നടന്ന 18,000ത്തിലധികം ആളുകൾ പങ്കെടുത്ത അദ്ദേഹത്തിന്റെ അവസാന സ്റ്റേജ് പ്രോഗ്രാമിൽ പരസ്യപ്രഖ്യാപനം നടത്തുന്നു. സ്റ്റൈലിഷ് സൺഗ്ലാസുകൾ ധരിച്ചിരുന്നെങ്കിലും, കണ്ണുകൾ നിറഞ്ഞൊഴുകുന്നതു തത്സമയ സ്ട്രീമിലൂടെ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ആരാധകർക്ക് ദൃശ്യമായിരുന്നു. അദ്ദേഹം പറയുന്നു , സംഗീതവുമായി ലോകം ചുറ്റിയിട്ടും, നിരവധി അവാർഡുകൾ നേടിയിട്ടും, ആരാധകരുടെ പ്രശംസ നേടിയിട്ടും ജീവിതത്തിൽ ശൂന്യത അനുഭവപ്പെടുന്നു, ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം?

തന്റെ യഥാർത്ഥ പേരായ റാമോൺ ലൂയിസ് അയാലയായി ഒരു പുതിയ തുടക്കം കുറിക്കുകയാണെന്നും, 'സംഗീതം, സോഷ്യൽ നെറ്റ്വർക്കുകൾ, പ്ലാറ്റ്ഫോമുകൾ, മൈക്രോഫോൺ എന്നിങ്ങനെ യേശു എനിക്ക് നൽകിയതെല്ലാം ഇനി അവന്റെ രാജ്യത്തിനു വേണ്ടിയാണ്, ഇതുവരെ എന്നെ അനുഗമിച്ച എല്ലാ ആളുകളോടും, വഴിയും സത്യവും ജീവനുമായ യേശുക്രിസ്തുവിനെ പിന്തുടരുക,' എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു 'യേശു തന്റെ കാരുണ്യത്താൽ ലോകം ചുറ്റി സഞ്ചരിക്കാൻ എന്നെ അനുവദിച്ചതുപോലെ, പ്യൂർട്ടോ റിക്കോയിൽ നിന്ന് ലോകത്തെ മുഴുവൻ സുവിശേഷം അറിയിക്കാൻ അങ്ങ് എന്നെ അയക്കേണമേ എന്ന പ്രാർത്ഥനയോടെയാണ് അദ്ദേഹത്തിന്റെ വാക്കുകൾ നിർത്തുന്നത്.

CNL7 MEDIA

# CHRISTIANLIVE DAILY

Vol. 2 Issue 304

6 Wednesday
Pages 5
675

